**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2389** **04-03-2025 - ൽ മറുപടിയ്ക്ക്**

**ആസ്തി വികസന ഫണ്ടിന്റെ മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2024-25 മുതൽ ആസ്തി വികസന ഫണ്ടിന്റെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | 2024-25 കാലയളവിൽ ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല. |
| (ബി) | കൂത്തുപറമ്പ് മണ്ഡലത്തിലെ വിവിധ എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ് തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കുന്നതിന് 2023-24 ൽ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചിരുന്നെങ്കിലും 2024-25 വർഷം കൊടുത്ത നിർദ്ദേശങ്ങളിൽ പ്രത്യേകാനുമതിക്ക് അപേക്ഷ നൽകിയപ്പോൾ ധനകാര്യ വകുപ്പ് ചലഞ്ച് ഫണ്ടിന്റെ സാധ്യത പരിശോധിക്കാൻ ജില്ലാ കലക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുന്നത് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ വിവിധ എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ് തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കുന്നതിന് 2023-24 ലെ ആസ്തി വികസന ഫണ്ടിൽ നിന്നും 38 ലക്ഷം രൂപ അനുവദിക്കണമെന്നുള്ള ബഹു.കൂത്തുപറമ്പ് എം.എൽ.എയുടെ ശിപാർശ ധനകാര്യവകുപ്പിൽ പരിശോധനയിലാണ്. എയ്ഡഡ് സ്കൂളുകളുടെ കാര്യത്തിൽ ചലഞ്ച് ഫണ്ട് വഴി പദ്ധതി നടപ്പിലാക്കാൻ ബഹു. എം.എൽ.എ താത്പര്യപ്പെടുന്നില്ലയെങ്കിൽ ടി വിവരം ഉൾപ്പെടുത്തി ശിപാർശ ലഭ്യമാക്കിയാൽ ആയത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ